(ബി) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തെഴുതിയിട്ടുണ്ടോ ; എങ്കിൽ കേന്ദ്രത്തിനയച്ച കത്തിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ഉണ്ട്. കത്തിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.*

(സി) ഇല്ല.

അന്യസംസ്ഥാന ലോട്ടറി

193 (260) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന ലോട്ടറികളുമായി ബന്ധപ്പെട്ട് ഉണ്ടായ ആരോപണങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാർ നടത്തിവന്ന അന്വേഷണങ്ങൾ പൂർത്തിയായോയെന്ന് വ്യക്തമാക്കുമോ ;

(ബി) അന്വേഷണത്തിലെ നിഗമനങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇതു സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടത്തണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വിഷയങ്ങളാണ് അന്വേഷണ പരിധിയിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിട്ടുള്ളതെന്നറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) അന്വേഷണം പൂർത്തിയാകാത്തതിനാൽ ഇപ്പോൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(സി) ഉണ്ട്. ഇതു സംബന്ധിച്ച് മുഖ്യമന്ത്രി കേന്ദ്ര ആഭ്യന്തരമന്ത്രിക്ക് 29-11-2010-ന് അയച്ച കത്തിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി വച്ചിട്ടുണ്ട്.*

അന്യസംസ്ഥാന ലോട്ടറി വില്പന

194 (261) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അന്യസംസ്ഥാന ലോട്ടറി വില്പന സംസ്ഥാനത്ത് നിരോധിക്കുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് ; അത് സംബന്ധിച്ച് കേന്ദ്രത്തിന് അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു സംബന്ധിച്ച് കേന്ദ്രത്തിന്റെ മറുപടി ലഭിച്ചോ ; അല്ലെങ്കിൽ നാളിതുവരെ സംസ്ഥാനം എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10-11-2006-ൽ കേന്ദ്രത്തിനയച്ച കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഇല്ല. അന്യസംസ്ഥാന ലോട്ടറികൾ 1998-ലെ കേന്ദ്ര ലോട്ടറീസ് (റെഗുലേഷൻ) ആക്ടിന്റെ സെക്ഷൻ 4-ന് വിരുദ്ധമായി നടത്തിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഇതു സംബന്ധിച്ച് സർക്കാർ വിജിലൻസ് അന്വേഷണം നടത്തുകയും താഴെപ്പറയുന്ന കത്തുകൾ പ്രകാരം ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

1. ബഹു. മുഖ്യമന്ത്രി 10-11-2006-ലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ 15055/എച്ച്1/06/നിവ. പ്രകാരം അന്യസംസ്ഥാന ലോട്ടറികളുടെ നിയമ ലംഘനം വിജിലൻസ് റിപ്പോർട്ട് സഹിതം കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

2. 12-1-2007, 12-6-2007 എന്നീ തീയതികളിലെ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം ബഹു. ധനകാര്യ വകുപ്പുമന്ത്രി അന്യസംസ്ഥാന ലോട്ടറികളുടെ നിയമലംഘനം കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

3. ബഹു. മുഖ്യമന്ത്രി 1-1-2009-ലെ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം അന്യസംസ്ഥാന ലോട്ടറികളുടെ നിയമലംഘനം വിജിലൻസ് റിപ്പോർട്ട് സഹിതം പ്രധാനമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

4. കേരളത്തിലെ പ്രമുഖ രാഷ്ട്രീയ നേതാക്കൾ ഒന്നടങ്കം അന്യസംസ്ഥാന ലോട്ടറികൾക്കെതിരെ കേന്ദ്ര ഗവൺമെന്റിന് 11-8-2009-ന് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു.

5. 18-9-2010-ലെ സർക്കാർ കത്ത് പ്രകാരം അന്യസംസ്ഥാന ലോട്ടറികളിലെ വില്പനയിലും സമ്മാനവാഗ്ദാനങ്ങളിലുമുള്ള അഴിമതികൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly